# ഐക്കൺ എക്സലൻസ് അവാർഡ് – 2015
# നിലയ്ക്കൽ ഭദ്രാസന വിതരണ സമ്മേളനം

റാന്നി : മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ മാനവശാക്തീകരണ വിഭാഗവും ഐക്കൺ ചാരിറ്റീസും സംയുക്തമായി നിലയ്ക്കൽ ഭദ്രാസനത്തിൽ നടപ്പിലാക്കുന്ന വിദ്യാഭ്യാസ സ്കോളർഷിപ്പ് വിതരണ സമ്മേളനം റാന്നി സെന്റ് തോമസ് അരമനയിൽ വച്ച് നടത്തപ്പെട്ടു. ഭദ്രാസന മാനവശാക്തീകരണ വിഭാഗം ഡയറക്ടർ റവ.ഫാ.സൈമൺ വർഗീസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനം  അഭിവന്ദ്യ ഡോ.ജോഷ്വാ മാർ നിക്കോദീമോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. ശ്രീ.രാജു എബ്രഹാം എം.എൽ.എ സ്കോളർഷിപ്പ് വിതരണം ചെയ്തു. സഭാ മാനവശാക്തീകരണ വിഭാഗം ഡെപ്യൂട്ടി സെക്രട്ടറി റവ.ഫാ.പി.എ.ഫിലിപ്പ് മുഖ്യസന്ദേശം നൽകി. ഐക്കൺ ചാരിറ്റീസ് പ്രതിനിധി ശ്രീ.എബ്രഹാം ചിറയ്ക്കൽ ഐക്കൺ പ്രവർത്തനങ്ങളെപ്പറ്റി വിശദീകരിച്ചു. ഭദ്രാസന സെക്രട്ടറി റവ.ഫാ.ഷൈജു കുര്യൻ, പ്രൊഫ.പി.എ.ഉമ്മൻ, ശ്രീ.വി.പി.മാത്യു തുടങ്ങിയവർ പ്രസംഗിച്ചു. സമൂഹത്തിലെ വിവിധ മേഖലകളിലുള്ള 80 വിദ്യാർത്ഥികൾക്കായി എട്ടര ലക്ഷം രൂപയുടെ ക്യാഷ് അവാർഡും  സർട്ടിഫിക്കേറ്റുകളും വിതരണം ചെയ്യുകയുണ്ടായി.